**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1877 13.06.2019 ൽ മറുപടിയ്ക്ക്

## ഇ - ഓഫീസ് സംവിധാനം

| **ചോദ്യം**<br>**ശ്രീ.സണ്ണിജോസഫ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | ഇ-ഓഫീസ് സംവിധാനത്തെക്കുറിച്ച് ജില്ലാ കളക്ടർമാരുടെ അഭിപ്രായം സംസ്ഥാന ഐ.റ്റി. മിഷൻ ആരാഞ്ഞിരുന്നോ; എങ്കിൽ അവർ നൽകിയ റിപ്പോർട്ട് എന്താണ്; വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | യാത്രാവേളകളിൽ പ്രസ്തുത സോഫ്റ്റ് വെയർ ഫലപ്രദമല്ലായെന്ന് ഏതെങ്കിലും ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | യാത്രാവേളകളൽ ഇ-ഓഫീസ് സംവിധാനം ഫലപ്രദമാക്കുവാനുള്ള വി.പി.എൻ. സംവിധാനം ഒരുക്കുന്നതും പരിപാലിക്കുന്നതും ഏത് ഏജൻസിയാണ്; | (സി) | യാത്രാവേളകളിൽ ഇ-ഓഫീസ് സംവിധാനം ഫലപ്രദമാക്കുവാനുള്ള വിപിഎൻ സംവിധാനം ഒരുക്കുന്നത് സ്റ്റേറ്റ് ഡാറ്റ സെന്റർ ആണ്. സ്റ്റേറ്റ് ഡാറ്റ സെന്ററിന്റെ പരിപാലന ചുമതല Sify എന്ന ഏജൻസിക്കാണ് . |
| (ഡി) | എൻ.ഐ.സി തയ്യാറാക്കിയ സോഫ്റ്റ് വെയർ മാറ്റി സ്വകാര്യകമ്പനിക്ക് ഇ-ഓഫീസ് കരാർ നൽകുന്നതിനെക്കുറിച്ച് ഐ.റ്റി. മിഷന്റെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിരുന്നോ; | (ഡി) | ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ ആയത് പരിശോധിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറി തല കമ്മിറ്റി 17.07.2017 ലെ സ.ഉ(സാധാ) നം. 161/2017/ITD ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. 26.07.2017 -ൽ കൂടിയ പ്രസ്തുത സമിതിയാണ് സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസിംഗ് സോഫ്റ്റ് വെയർ ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങുന്നതിന് ശുപാർശ ചെയ്തത്. പ്രസ്തുത സമിതിയുടെ യോഗങ്ങളിൽ കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന്റെ പ്രതിനിധികളും പങ്കെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ പ്രസ്തുത ചർച്ചകളിൽ ഇ-ഓഫീസ് സംവിധാനത്തിന്റെ ന്യൂനതകളായി ചൂണ്ടിക്കാണിച്ചത് എന്തൊക്കെ കാര്യങ്ങളാണ് എന്നറിയിക്കാമോ? | (ഇ) | ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന്റെ വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, പല ദിവസങ്ങളിലും പൂർണ്ണമായോ ഭാഗീകമായോ ഇ-ഓഫീസിന്റെ സേവനം ലഭിക്കാതിരിക്കുക എന്നിവയാണ് പ്രധാന ന്യൂനതകൾ. മറ്റ് ന്യൂനതകൾ താഴെ പറയുന്നവയാണ്.<br><br>1. മലയാളം ടൈപ്പിംഗിനുള്ള ബുദ്ധിമുട്ട്.<br>2. നോട്ടിംഗിലും ഡ്രാഫ്റ്റിംഗിലുമുള്ള അലൈൻമെന്റ് പ്രശ്നം.<br>3. പേജ് നാവിഗേഷനിലുള്ള ബുദ്ധിമുട്ട്.<br>4. വിവിധ മാന്വലുകൾ പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിക്കാത്ത അവസ്ഥ.<br>5. ഒരു ഫയലിൽ തന്നെ വിവിധതരം നമ്പരുകൾ ഉള്ളത് കൊണ്ട് ആയത് പിന്നീട് കണ്ട്പിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്.<br>6. ഫയലുകളും തപാലുകളും സെർച്ച് ചെയ്ത് കണ്ട് പിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്.<br>7. ഒരു ചെറിയ കാര്യം ചെയ്യുന്നതിന് തന്നെ വളരെയധികം മൗസ് ക്ലിക്കുകൾ ആവശ്യമായി വരുന്ന അവസ്ഥ.<br>8. സോഫ്റ്റ് വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലപ്പഴക്കം.<br>9. ഫയൽ ഓപ്പണാകുന്നതിനുള്ള കാലതാമസം.<br>10. മറ്റ് വകുപ്പുകളിലേക്കും സെക്ഷനുകളിലേക്കും ഫയലുകൾ സ്ഥിരമായി ട്രാൻസ്ഫർ ചെയ്ത് നൽകാൻ സാധിക്കാത്ത അവസ്ഥ.<br>11. കോടതി കേസുകൾ, നിയമസഭാ ചോദ്യങ്ങൾ, നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ തുടങ്ങിയ പ്രധാന വിഷയങ്ങൾ ക്രോഡീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സംവിധാനമില്ലായ്മ. |

Saju

**സെക്ഷൻ ഓഫീസർ**